ഉത്തരം

പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# II ശ്രദ്ധക്ഷണിക്കൽ

## (1) കേരളത്തിലെ നഴ്സുമാരുടെ ജോലി സമയം

ശ്രീമതി കെ. ആർ. ഗൗരി : സർ, കേരളത്തിലെ നേഴ്സുമാരുടെ ജോലി സമയം, പകൽ ജോലി ചെയ്യുന്ന നേഴ്സുമാരാണെങ്കിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ 10 മണിക്കൂറും, വൈകുന്നേരം രാത്രി ഡ്യൂട്ടി എടുക്കുന്ന നേഴ്സുമാർക്ക് 6 മണി മുതൽ പിറേറ ദിവസം 8 മണിവരെ 14 മണിക്കൂർ വീതവുമാണ്. രാത്രി ഡ്യൂട്ടി നോക്കുന്ന നേഴ്സു
9.30 a. m.] മാർക്ക് ഒരാഴ്ചക്കാലം മുഴുവൻ ജോലി ചെയ്തു കഴിഞ്ഞാൽ അവർക്ക് ഒരു ദിവസം ഫുൾ ആയിട്ടുള്ള ഓഫ് കിട്ടുന്നില്ല. പിറേറ ദിവസവും അവർ രാവിലെ 6 മണിക്ക് ഡ്യൂട്ടിക്ക് ഹാജരാകണം. നമ്മുടെ സംസ്ഥാനത്ത് മാത്രമാണ് ഈ വിധത്തിലുള്ള നടപടി തുടർന്നു വരുന്നത്. മറേറ സംസ്ഥാനങ്ങളിൽ അവർക്ക് രണ്ട് ദിവസം ഓഫ് ഉണ്ട്. നൈറ്റ് ഡ്യൂട്ടി ഒരാഴ്ചക്കാലം എടുത്തു കഴിഞ്ഞാൽ രണ്ടു ദിവസം അവർക്ക് ഓഫ് ഉണ്ട്. രണ്ട് ദിവസം കഴിഞ്ഞിട്ട് ഡ്യൂട്ടിക്ക് ഹാജരായാൽ മതി. ഇത് നേഴ്സുമാർ ദീർഘകാലമായി ആവശ്യപ്പെടുന്നതാണ്. 1981-ൽ നഴ്സുമാർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചപ്പോൾ 8 മണിക്കൂർ ജോലി എന്നുള്ള ആവശ്യം അംഗീകരിച്ചുകൊണ്ട് അത് പടിപടിയായി നടപ്പിലാക്കാമെന്ന് അവരോട് ഉറപ്പുപറഞ്ഞു. അതിന്റെ ആദ്യഘട്ടമെന്നുള്ള നിലയിൽ അത് തിരുവനന്തപുരത്ത് ജനറൽ ഹോസ്പിറലിൽ ആണ് നടപ്പിലാക്കിയത്. അതു കഴിഞ്ഞതിനുശേഷം പിന്നീട് വന്ന സർക്കാരിന്റെ മുന്നിലും നേഴ്സുമാർ ഈ ആവശ്യം ഉന്നയിച്ചു. ശ്രീ. കർത്തായും, ശ്രീ. രാമചന്ദ്രൻനായരും ഇത് നടപ്പിലാക്കാം ; അടുത്ത സ്റേറജിലേക്ക് പോകാം എന്ന് അംഗീകരിക്കുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അവസാന നിമിഷം അവർക്ക് ഉറപ്പുകൊടുത്തു ഇത് നടപ്പിലാക്കാമെന്ന്. ഇന്ന് ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല എന്നുമാത്രമല്ല, ഇതിന്റെ ആവശ്യം വച്ചുകൊണ്ട് ഒരു ദിവസം അവർ യൂണിഫോം ഉപേക്ഷിച്ച് ഡ്യൂട്ടി നോക്കിയതിന്റെ അടിസ്ഥാനത്തിൽ, ഇത് നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് അവരുടെ ഒരു ദിവസത്തെ വാഷിംഗ് അലവൻസ് ഗവൺമെൻറ് പിടിച്ചു വച്ചിരിക്കുകയാണ്. ജോലി സമയം എട്ട് മണിക്കൂർ ആക്കണമെന്നത് വളരെക്കാലമായി നേഴ്സുമാർ ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇത് നടപ്പിലാക്കിത്തുടങ്ങിയതുമാണ്. 8 മണിക്കൂർ ജോലി നമ്മുടെ എല്ലാ സർവ്വീസിലും, ഉള്ളതാണ്. 8 മണിക്കൂർ ജോലി സെക്രട്ടേറിയറ്റിലുണ്ട്, എൻ. ജി. ഒ. മാർക്കുണ്ട്, ടീച്ചേഴ്സിനാണെങ്കിൽ അതിൽ കുറവുമാണ്. ബാക്കിയുള്ളവരുടെ ഈ വക പ്രശ്നങ്ങൾ എല്ലായിടത്തും നടപ്പിലാക്കിയതാണ്. പഴയ കാലത്ത് നമ്മൾ മേയ് ദിനത്തിന് ഒഴിവും കൊടുത്തു. 8 മണിക്കൂർ ജോലി യെന്നുള്ള സിദ്ധാന്തം അംഗീകരിച്ച് അതിനുവേണ്ടി പടപൊരുതി മരിച്ച ആളുകൾക്കുവേണ്ടി ഒഴിവും കൊടുത്തു. എങ്കിലും നേഴ്സുമാരുടെ ഈ ആവശ്യം ഇതുവരെ നടപ്പിലാക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. അവർ ഒരു സൂചനാ പണിമുടക്ക് നടത്തിയപ്പോൾ അതിന് എതിരായിട്ടുള്ള വിധത്തിൽ അവരുടെ ഒരു ദിവസത്തെ ശമ്പളം പിടിക്കുകയാണ് ചെയ്തത്.



LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ അവരുടെ യൂണിഫോമിന്റെ കാര്യം. അവർക്ക് ഒരു യൂണിഫോമാണ് കൊടുക്കുന്നത്. അവരുടെ യൂണിഫോമിൽ അവർക്ക് ഓവർകോട്ട് വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് നേഴ്സിന് ഒരു കൊല്ലത്തെ യൂണിഫോം ഒരു വെള്ളസാരിയും ഒരു വെള്ള ബ്ലൗസും ഒരു ഓവർക്കോട്ടും കൊടുക്കുന്നു. രണ്ടെണ്ണമെങ്കിലും വേണം. ഒന്ന് നനച്ചിട്ടാൽ മറ്റൊന്ന് ഉടുക്കണമല്ലോ. തയ്യൽക്കൂലി ഉൾപ്പെടെ 162 രൂപയാണ് കൊടുക്കുന്നത്. ആശുപത്രിയിലെ ഏറ്റവും താഴ്ന്ന ജോലിക്കാർക്കുപോലും ഇതിനേക്കാൾ കൂടുതലാണ് കൊടുക്കുന്നത്. അവർക്ക് ഏതാണ്ട് 18 മീറ്റർ തുണിയും കൂടാതെ തയ്യൽക്കൂലിയും കൊടുക്കുന്നു. അവർക്ക് കൊടുക്കരുതെന്ന് അല്ല പറയുന്നത്. രണ്ട് ഉടുപ്പു കൊടുക്കൽ— ഇതിനൊക്കെ പിശുക്ക് കാണിച്ചിട്ട് എന്താണ് കാര്യം ? ഈ രണ്ട് കാര്യത്തിലും നടപടിയുണ്ടാകണമെന്ന് അങ്ങയോട് അപേക്ഷിക്കുന്നു.

ഇതിനുപുറമെ ഈ ഗവൺമെന്റ് വന്നതിനുശേഷം നേഴ്സുമാരെ ട്രെയിൻ ചെയ്യിക്കാൻ വളരെ കൂടുതൽ പ്രൈവറ്റ് സ്ഥാപനങ്ങൾ ഉണ്ടായിരിക്കുന്നു. ഗവൺമെന്റ് സ്ഥാപനത്തിൽ ട്രെയിനിംഗിന് എടുത്തിട്ടുള്ള നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഇതിനുമുമ്പ് 150 രൂപ സ്റ്റൈപെൻറ് കിട്ടിയിരുന്നു. ആ 150 രൂപ സ്റ്റൈപെൻറ് കിട്ടുന്നതുകൊണ്ട് വർദ്ധിച്ചു വരുന്ന ചെലവനുസരിച്ച് അവർക്ക് ജീവിക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞ് അവർ ഒരു സമരം നടത്തി. ഫലമോ കൂടുതൽ ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ഉള്ളതും ഇല്ലാതാക്കിയിരിക്കുന്നു. പ്രൈവറ്റ് സ്ഥാപനത്തിൽ നിന്നും നേഴ്സിംഗ് പാസായി വരുന്നവർക്കും പ്രൈവറ്റ് നേഴ്സിംഗ് ഹോമിൽ ജോലി ലഭിച്ചാൽ ഗവൺമെന്റ് ആശുപത്രികളിൽ മുഴുവൻ സമയവും ജോലി ചെയ്യുന്ന നേഴ്സുമാരെപ്പോലെ ജോലി ചെയ്യേണ്ടി വരുകയാണ്. അവർ ജോലി ചെയ്യുന്നുമുണ്ട്; ഡ്യൂട്ടിയെടുക്കുന്നുണ്ട്. ഇത് കഷ്ടമാണ്. ഈ മൂന്നു സംഗതികളും അങ്ങ് ആലോചിച്ച് ആവശ്യമായ നടപടികൾ എടുക്കണമെന്ന് താൽപര്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നേഴ്സുമാരുടെ ജോലി സമയം വളരെക്കാലമായി നിലവിലുള്ള വ്യവസ്ഥയനുസരിച്ചുള്ളതാണ്. 8 മണിക്കൂർ ജോലി സമയം ഏർപ്പെടുത്താൻ കുറേ ബുദ്ധിമുട്ടുണ്ട്. ഇതിനു പുറമെ സാമ്പത്തികമായ ബാദ്ധ്യതകളുണ്ട്. ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയമ്മ ചൂണ്ടിക്കാണിച്ചതുപോലെ ഒന്നും രണ്ടും ബാച്ചുകൾക്ക്, അതായത് ആദ്യത്തെ ബാച്ചിന് 8 മണിക്കൂറും രണ്ടാമത്തെ ബാച്ചിന് 7 മണിക്കൂറും ആണ് ഇപ്പോൾ ജോലി ചെയ്യേണ്ടി വരുന്നത്. പക്ഷേ, അതേയവസാനത്തിൽ മൂന്നാമത്തെ ബാച്ചിന് 14 മണിക്കൂർ വരുന്നുണ്ട്. അങ്ങനെ ജോലി ചെയ്താൽ അവർക്ക് ഒരു ഫുൾ ഡേ ഓഫ് കൊടുക്കണമെന്നാണ് വ്യവസ്ഥ. ഇത് പരിഷ്ക്കരിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെൻറിന് അഭിപ്രായമുണ്ട്. മെഡിക്കൽ കോളേജ് റഫറൽ ആശുപത്രിയാക്കി മാറ്റിയ അവസരത്തിൽ തിരുവനന്തപുരം സിറ്റിയിലെ പ്രധാനപ്പെട്ട രണ്ടു മൂന്ന് ആശുപത്രികളിലുള്ള നേഴ്സുമാരുടെ ജോലിഭാരം കുറച്ചുകൊണ്ട് ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 6 മണിക്കൂറും, 6 മണിക്കൂറും, 12 മണിക്കൂറുമായിട്ടാണ് അവിടെ ജോലി ചെയ്യുന്നത്. അത് കുറേ കൂടി ആശ്വാസമുള്ള ഒരു നടപടിയാണ്. അതിനെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കുന്നുണ്ട്. അതുപോലെതന്നെ ഇതര സംസ്ഥാനങ്ങളിൽ ഇങ്ങനെയാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. ഏതെല്ലാം വിധത്തിലാണ് അവിടത്തെ സ്ഥിതിയെന്നുള്ളത്. പരിശോധിക്കാൻവേണ്ടി ഡയറക്ടറോട് അടിയന്തിരമായി അതിന്റെ റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിയാൽ അത് പരിശോധിച്ച് ജോലി സമയത്തിൽ ഭേദഗതി വരുത്താൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ 8 മണിക്കൂർ ജോലി വ്യവസ്ഥയെന്നുള്ളത് നേഴ്സുമാരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കും നേഴ്സുമാർക്കും മാത്രമല്ല, ഈ 8 മണിക്കൂർ ജോലി വ്യവസ്ഥ ഏർപ്പെടുത്തിക്കഴിഞ്ഞാൽ രോഗികൾക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകും. അതുകൊണ്ട് ആവശ്യമായ നടപടികൾ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം സ്വീകരിക്കുന്നതാണ്. നേഴ്സുമാരെ ട്രെയിനിംഗിന് എടുക്കുന്ന സമയത്ത് അവരുടെ പരിശീലനം കഴിഞ്ഞാൽ ഇത്ര വർഷത്തേക്ക് ഗവൺമെന്റിൽ ജോലി ചെയ്യണമെന്നുള്ള അടിസ്ഥാനത്തിലാണ് ബോണ്ട് വ വസ്ഥ നിർബ്ബന്ധമായി ഏർപ്പെടുത്തിയത്. നമുക്ക് ആവശ്യത്തിൽ കൂടുതൽ നേഴ്സുമാർ ഉള്ളതുകൊണ്ട് ആ തരത്തിലുള്ള നിർബന്ധം ചെലുത്താൻ കഴിയുകയില്ല. നല്ല മെച്ചപ്പെട്ട സ്കെയിലിൽ അവർക്ക് എവിടെയെങ്കിലും പോയി ജോലി ചെയ്യാൻ അവസരം നൽകണമെന്ന കരുതിയാണ് ബോണ്ടിൽ നിന്ന് അവരെ ഒഴിവാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് ബോണ്ട് നിർത്തൽ ചെയ്തിട്ടുള്ളത്. പക്ഷേ ഇന്ന് ട്രെയിനിംഗ് കഴിഞ്ഞുവരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം തൽക്കാലം അതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകാനിടയുള്ളതുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെൻറ് നേഴ്സുമാരോടും ആശുപത്രി ജീവനക്കാരോടും സഹതാപപൂർവ്വമായ ഒരു സമീപനമായിരിക്കും സ്വീകരിക്കുകയെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## (2) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ക്ഷേമനിധി

ശ്രീ. എം. എം. ഹസ്സൻ : സർ, നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി വളരെയേറെ ത്യാഗങ്ങൾ അനുഭവിച്ച സ്വാതന്ത്ര്യ സമര സേനാനികളുടെ ഒരു തലമുറ കാലത്തിന്റെ യവനികയ്ക്കുള്ളിൽ മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ചരിത്രത്തിൽ വായിച്ച് അറിവുള്ള ഒരു തലമുറയുടെ പ്രതിനിധിയാണ് സർ, ഞാൻ നഷ്ടപ്പെടാൻ പലതുമുണ്ടായിട്ടും നേടാൻ ഒന്നുമില്ലാതിരുന്നിട്ടും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജയിലറകളുടെയും നിറതോക്കിൻറെയും കൊലക്കയറിന്റെയും മുമ്പിൽ വിരിമാറു കാണിച്ചുകൊണ്ടിറങ്ങി വന്ന സ്വാതന്ത്ര്യ സമരസേനാനികൾക്ക് സംസ്ഥാന ഗവൺമെൻറും കേന്ദ്രഗവൺമെൻറും ചില ആനുകൂല്യങ്ങൾ നൽകി അവരെ ആദരിക്കാൻ തീരുമാനിക്കുകയുണ്ടായി. അത് ഒരുതരം ദാനം നൽകുന്നതുപോലെ കൊടുക്കുന്നത് നാടിനുതന്നെ അപമാനകരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ ബോദ്ധ്യമുള്ള കാര്യമാണിത്. ഈ സഭയിൽ തന്നെ ആ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വിരലിലെണ്ണാവുന്ന അംഗങ്ങൾ മാത്രമേ ഇനി ബാക്കിയുള്ളു. അങ്ങും പ്രതിപക്ഷ നേതാവും ബേബി ജോണും ഗൗരിയമ്മയേയുമൊക്കെ പോലുള്ള അപൂർവ്വം ആളുകളെ ഉള്ളു. ആ ത്യാഗത്തിന്റെ കഥ എത്ര പറഞ്ഞാലും ഞങ്ങളെപ്പോലുള്ളവർക്ക് ഉൾക്കൊള്ളാൻ സാധിക്കുകയില്ല. അത് മനസിലാക്കിക്കൊണ്ടുതന്നെയാണെന്നു തോന്നുന്നു ആലപ്പുഴയിൽ സ്വാതന്ത്ര്യ സമരസേനാനികളുടെ സംഘടനയുടെ പതിമൂന്നാം സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുന്നുവെന്നും അവർക്ക് നൽകുന്ന പെൻഷൻ സ്റ്റാറ്റ്യൂട്ടറി ആക്കുമെന്നും അങ്ങ് പറയുകയുണ്ടായി. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഏർപ്പെടുത്തുമെന്നു പറഞ്ഞ ക്ഷേമനിധി മറ്റു പലതും പോലെ ചുവപ്പുനാടയിൽ കുരുങ്ങാതെ അതിന് നിയമനിർമ്മാണം ആവശ്യമാണെങ്കിൽ ഈ സഭയിൽ തന്നെ നിയമനിർമ്മാണം നടത്തി അവരെ സംരക്ഷിക്കുന്നതിനും അവരുടെ ആശ്രിതരായി ഇന്ന് അവശേഷിക്കുന്ന അപൂർവ്വ

LIBRARY ARCHIVES Kerala Legislative Assembly